(സി) ആഭ്യന്തര ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്തെ പ്രധാന ടൂറിസം കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി ടൂറിസം പാക്കേജുകൾ നടപ്പിലാക്കുന്നതിന് പദ്ധതിയുണ്ടോ;

(ഡി) ഇല്ലെങ്കിൽ യാത്ര ചെലവ്, ഭക്ഷണം, താമസം, സ്ഥലങ്ങൾ കാണൽ എന്നിവയെല്ലാം ഉൾപ്പെടെയുള്ള ടൂറിസം പാക്കേജുകൾ നടപ്പിലാക്കുന്നതിനും തദ്വാരാ ആഭ്യന്തര ടൂറിസം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) നോട്ട് നിരോധനത്തിനുശേഷം ആഭ്യന്തര ടൂറിസം രംഗത്ത് മാന്ദ്യം സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദേശത്തും സ്വദേശത്തും റോഡ് ഷോകളും ഫെയറുകളും സംഘടിപ്പിച്ചതിലൂടെയും പരസ്യ പ്രചരണങ്ങളിലൂടെയും പ്രചരണങ്ങൾ ത്വരിതപ്പെടുത്തിയതിലൂടെയും നോട്ട് നിരോധനം മൂലം സംസ്ഥാന ടൂറിസം രംഗത്തുണ്ടായ മാന്ദ്യം പരിഹരിക്കുന്നതിന് ശ്രമിച്ചിട്ടുണ്ട്.

(സി&ഡി) ആഭ്യന്ത ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി വാണിജ്യാടിസ്ഥാനത്തിലുള്ള ടൂറിസം പാക്കേജുകൾ ടൂറിസം വകുപ്പ് നേരിട്ട് നടപ്പാക്കി വരുന്നില്ല. നിലവിൽ ടൂറിസം പാക്കേജുകൾ നേരിട്ട് നടപ്പാക്കുന്ന വിഷയം ടൂറിസം വകുപ്പിന്റെ പരിഗണനയിലില്ല. എന്നാൽ കേരള ടൂറിസത്തിന്റെ അക്രഡിറ്റഡ് ടൂർ ഓപ്പറേറ്റർമാർ നൽകുന്ന ടൂർ പാക്കേജുകളെ സംബന്ധിച്ച വിശദാംശം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്താറുണ്ട്.

**മലപ്പുറം ജില്ലയിൽ വിനോദ സഞ്ചാര വകുപ്പ് ചെലവഴിച്ച തുക.**

172 (5899) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ മലപ്പുറം ജില്ലയിൽ വിനോദ സഞ്ചാര വകുപ്പ് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) ഡി.റ്റി.പി.സി മലപ്പുറം വഴി ,എത്ര രൂപയാണ് ചെലവഴിച്ചതെന്നും ഏതൊക്കെ കേന്ദ്രങ്ങളിൽ ഏതൊക്കെ ഇനത്തിലാണ് തുക ചെലവഴിച്ചതെന്നും അറിയിക്കുമോ;

(സി) താനൂർ-ഒട്ടുംപുറം വിനോദ സഞ്ചാര കേന്ദ്രത്തിൽ നിന്നും ഡി.റ്റി.പി.സി.-ക്ക് മേൽ സൂചിപ്പിച്ച വർഷങ്ങളിൽ ലഭിച്ച വരുമാനം എത്ര എന്നറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2015-16,2016-17 സാമ്പത്തിക വർഷങ്ങളിൽ മലപ്പുറം ജില്ലയിൽ ടൂറിസം പദ്ധതികൾക്കായി ആകെ 17,45,86,836 രൂപയുടെ ഭരണാനുമതി നൽകുകയും ഇതിൽ 6,73,66,342 രൂപ വിവിധ ഏജൻസികൾക്ക് നൽകുകയും ചെയ്തു.

2016-17 സാമ്പത്തിക വർഷത്തിൽ ടൂറിസം പദ്ധതികൾക്കായി ആകെ 2,78,90,000 രൂപയുടെ ഭരണാനുമതി ലഭിക്കുകയും 94,45,000 രൂപ വിവിധ എജൻസികൾക്ക് നൽകുകയും ചെയ്തു.

(ബി) വിശദവിവരം അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു.*

(സി) താനൂർ ഒട്ടുമ്പുറം ബീച്ചിൽ നിന്ന് ഡി.റ്റി.പി.സിക്ക് ലഭിച്ച വരുമാനം

2015-16 -1,14,387 രൂപ

2016-17 -4,51,605 രൂപ

**സംസ്ഥാനം സന്ദർശിച്ച വിനോദസഞ്ചാരികളുടെ എണ്ണം**

173 (5900) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷത്തിൽ സംസ്ഥാനം സന്ദർശിച്ച വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ, മുൻവർഷത്തെ അപേക്ഷിച്ച് എത്ര ശതമാനം വർദ്ധനവാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള എത്ര ടൂറിസ്റ്റുകൾ സംസ്ഥാനത്ത് വന്നിട്ടുണ്ടെന്നും ഇവരിൽ നിന്നും സർക്കാരിന് എത്ര കോടി രൂപയുടെ വരുമാനമുണ്ടായിട്ടുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) വിനോദ സഞ്ചാരികളുടെ എണ്ണം കണക്കാക്കുന്നത് കലണ്ടർ വർഷം അടിസ്ഥാനമാക്കിയാണ്. 2016 വർഷത്തിൽ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ രണ്ട് വർഷത്തെ കണക്ക് ചുവടെ ചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.